# MITHRAM

A Quarterly News Bulletin of Syro-Malabar Marol Parish

Vol. 2 No. 1 (For Private Circulation only) April 2009

**Editorial Board**

Mr. K. D. Jose
Mr. Sebastian Varghese
Mr. James John

**Editorial Adviser**

Rev. Fr. Jerry Vallomkunnel
Parish Priest

**Address:**

Kristuraj Centre,
Marol Village,
Mumbai - 400 059.
Tel. 28381270 / 29205050

**Published by**

Kristuraj Centre,
Syro-Malabar Parish,
Marol,
Mumbai - 400 059.

**Printed at**

Ideal Printlinks Pvt. Ltd.,
Powai, Mumbai - 400 076.

## EDITORIAL

'I, your lord and teacher, have just washed your feet. You, then, should wash one another's feet. I have set an example for you, so that you will do just what I have done for you. I am telling you the truth: no slave is greater than his master and no messenger is greater than the one who sent him. Now that you know this truth, how happy you will be if you put it into practise.' (Jn. 13: 14 - 17)

These were the words spoken by our Lord Jesus Christ during the last supper to his disciples while showing them their mission in life - service to humanity with humility and gladness in your hearts that it is the will of our Father. He told his disciples to follow his example and be the light of the world in times of darkness, hope where there is despair and healing where there is injury.

We should be proud as Christians to be heirs of a religion akin to humanity. Jesus showed the truth and the way of life and the early Christians and missionaries followed it with zeal and dedication.

At a time when the world was in darkness the followers of Christ worked towards spreading literacy, in other words removing darkness from the human minds. The other role played by the Christians was being providers of service to humanity. The world saw several Christian institutions reaching out to heal the body and also some to remove the despair and loneliness of the destitute and the abandoned. The beautiful service rendered by all these institutions made Christianity a role-model to the whole world and it became a beacon in the world of selfless service.

The early Christians founded these institutions giving education, healing, care and hope as an answer to the call of God - their vocation. The work done by them was spiritual for them as they served humanity not to gain something but because they saw and experienced God in the sick, downtrodden and the lonely. Their work continued for years to come and even spread to different parts of the world reaching out to people irrespective of their language, caste and creed. It was through their work that they lived Christ and those whom they served received the love of Christ.

However with modernization the face of things is fast changing and everything spiritual is being replaced with materialism. Earlier what was service is now only an employment. Even after having Florence Nightingale as an exemplary model we find that the nursing community in our institutions is losing their healing touch and this phenomenon can be seen in our other organizations also.

Of course everyone has material needs and desires but this should not come in the way of our rendering of our duties. Everyone can't be Mahatma Gandhi or Mother Theresa but we can see to it that as Christians we don't lose the essence of Christ in our lives and as Christian institutions we remain standing for the principles of Christianity - Love and service to humanity.

**- Editor**



**വികാരിയച്ചന്റെ സന്ദേശം**

# ഉയിർപ്പ് - ദൈവത്തിന്റെ പ്രതികാരം

നെറ്റിത്തടത്തിൽ ചാരംപൂശി, ചാരം തരുന്ന ഒരുപിടി വിചാരങ്ങളുമായി ആരംഭിച്ച നോമ്പുകാലം പരിസമാപ്തിയിലേക്ക് എത്തുന്നു. വിശുദ്ധവാരാചരണത്തിലൂടെ യേശുനാഥന്റെ രാജകീയ ജറുസലേം പ്രവേശനത്തിന്റെ അനുസ്മരണയുമായി ഓശാന തിരുനാളും... വി. കുർബ്ബാന സ്ഥാപനത്തിന്റെ ഓർമ്മകളുമായി പെസഹാ വ്യാഴവും... ഈശോയുടെ കുരിശിലെ യാഗത്തിന്റെ അവതരണവുമായി ദുഃഖവെള്ളിയും, വിജയത്തിന്റെ ഉത്സവമായി ഉയിർപ്പ് ഞായറും ഒരിക്കൽ കൂടി സമാഗതമാകുന്നു.

ദൈവം 'പ്രതികാരം' ചെയ്യുമോ? ചെയ്യുമെന്നാണ് നമ്മുടെ വിചാരം... അതുകൊണ്ടാണ് ആരെങ്കിലും വേദനിപ്പിച്ചാൽ അതേ നാണയത്തിൽ തിരിച്ചടിക്കാൻ സാധിക്കാതെ വരുമ്പോൾ ദൈവം പ്രതികാരം ചെയ്യുമെന്ന് നാം പറയുന്നത്.

ദൈവപിതാവിന്റെ മധുര 'പ്രതികാര'ത്തിന്റെ ദിവസമാണ് ഈസ്റ്റർ. ആരോടാണ് ദൈവം 'പ്രതികാരം' ചെയ്തത് ? തിന്മയുടെ ശക്തികളോട്... അന്ധകാരത്തോടും, പാപത്തോടും, മരണത്തോടും. ഒരു കുരിശുകൊണ്ട് ക്രിസ്തുവിനെ അവസാനിപ്പിക്കാമെന്ന് കരുതിയവരോട്, ഒരു കല്ലറയിൽ ഒതുക്കാമെന്ന് വിചാരിച്ചവരോട്, മരണം കൊണ്ട് അവന്റെ ജീവിതം തീർക്കാമെന്ന് സ്വപ്നം കണ്ടവരോട് ദൈവം പ്രതികാരം ചെയ്തു.

ദൈവത്തിന്റെ 'പ്രതികാരം' മനുഷ്യൻ വിഭാവനം ചെയ്യുന്നതുപോലെയുള്ള ഒന്നല്ല... മനുഷ്യന്റെ പ്രതികാരം തിന്മക്കെതിരെ തിന്മചെയ്തുകൊണ്ടുള്ളതാണ്. ദൈവം എന്നാൽ അങ്ങനെയല്ലാ നന്മയിലൂടെയാണ് പ്രതികാരം ചെയ്യുന്നത്... യേശുവിന്റെ ഉത്ഥാനത്തിലൂടെ ദൈവം പ്രതികാരം ചെയ്തപ്പോൾ അതു ലോകത്തിനു മുഴുവൻ നന്മയായി മാറി - പാപത്തിന്റെയും മരണത്തിന്റെയും മേൽ മനുഷ്യന് നേടാവുന്ന വിജയമായി മാറി. പാപത്തെയും മരണത്തെയും തോൽപ്പിച്ച് ഉത്ഥാനം ചെയ്തു. ഈശോയെ അടുത്തനുകരിക്കുന്നതിനുള്ള കൃപ ഉത്ഥാനത്തിരുനാളിലൂടെ ലഭിക്കട്ടെ.

**ഫാ. ജെറി വള്ളോം കുന്നേൽ**
വികാരിയച്ചൻ

# വിശുദ്ധ നാടിൻെറ ഓർമ്മകളിൽ

- ഡോ. അന്നമ്മ പോൾ

രക്ഷകനായ യേശുനാഥൻെറ ദർശനത്താലും, പാദസ്പർശനത്താലുമൊക്കെ അനുഗ്രഹീതമായ വിശുദ്ധ നാട്ടിലേക്കുള്ള യാത്ര ഏതൊരു ക്രിസ്ത്യാനിയുടെയും സ്വപ്നമാണ്. മറോൾ - ചക്കാല ഇടവകകളുടെ നേതൃത്വത്തിൽ ഫെബ്രുവരി 12 മുതൽ 23 വരെ നടത്തപ്പെട്ട വിശുദ്ധനാട് സന്ദർശനം തീർത്ഥാടകർക്ക് സമ്മാനിച്ചത് മനുഷ്യായുസിൽ ഒരിക്കലെങ്കിലും യാഥാർത്ഥ്യമാകണം എന്നാഗ്രഹിച്ച സ്വപ്നങ്ങളുടെ സാക്ഷാത്കാരമാണ്.

കാലിത്തൊഴുത്തിലെ രക്ഷക ദർശനത്തിനായി ദക്ഷിണദേശത്തും നിന്നും ദൂരങ്ങൾ താണ്ടിയ പൂജാ രാജാക്കൻന്മാരുടെ തീക്ഷ്ണതയായിരുന്നു ഫെബ്രുവരി 12ന് പുലർച്ചെ 6 മണിക്ക് ഈജിപ്ഷ്യൻ പൈതൃകത്തിൻെറ സ്മാരകങ്ങളായ പിരമിഡുകളുടെ നഗരമായ കെയ്റോയെ ലക്ഷ്യമാക്കി യാത്ര ചെയ്യുമ്പോൾ ഹൃദയം നിറയെ.. ജോർദ്ദാൻ റോയൽസ് എയർ വെയ്സിൽ മേഘപാളികൾക്കിടയിലൂടെ മുന്നരമണിക്കൂറോളം നീണ്ട യാത്രയ്ക്കുശേഷം ശരീരത്തേയും ആത്മാവിനെയും കുളിർപ്പിച്ച ഊഷ്മള കാലാവസ്ഥയാണ് ജോർദ്ദാൻെറ തലസ്ഥാനമായ അമ്മനിലേക്ക് ഞങ്ങൾക്ക് സ്വാഗതമരുളിയത്. അവിടെ നിന്നും 4 മണിക്കൂറിനുശേഷം ഒരു മണിക്കൂർ യാത്രചെയ്ത് കെയ്റോ വിമാനത്താവളത്തിലെത്തി. ഈജിപ്ഷ്യൻ സമയം വൈകിട്ട് 2.30 ആയപ്പോൾ ഹോട്ടൽ ഹൂസാ പിരമിഡിൽ എത്തി വിശ്രമിച്ചു.

## I ഈജിപ്ത്:

13-ാം തിയ്യതി വെള്ളിയാഴ്ച 6 മണിക്ക് ഉണർന്ന് പ്രഭാതകൃത്യങ്ങൾക്കുശേഷം 7.30ന് പ്രഭാത ഭക്ഷണം കഴിച്ച് ക്രിത്യം 8.30ന് ഈജിപ്തിലെ യാത്ര ആരംഭിച്ചു. കാലാവസ്ഥ തണുപ്പായിരുന്നുവെങ്കിലും എ. സി. ബസ് യാത്ര സുഖകരമാക്കി.

### A കെയ്റോ

ആദ്യയാത്ര ഈജിപ്ഷ്യൻ പൈതൃകത്തിൻെറ മരിക്കാത്ത സ്മാരകങ്ങളായ പിരമിഡ്സ് സ്ഥിതി ചെയ്യുന്ന മൗണ്ടിലേക്കായിരുന്നു. അവിടെ കാണാൻകഴിഞ്ഞ മൂന്നു പിരമിഡുകളിൽ ഏറ്റവും വലുതിന് 160 മീറ്റർ ഉയരമുണ്ടത്രെ! ചുരുക്കത്തിൽ ഒരു മനുഷ്യനിർമ്മിത മലതന്നെ! ആയ്യായിരത്തിലധികം കിലോ തൂക്കം വരുന്ന കല്ലുകൾ കിലോമിറ്ററുകൾ ദൂരെ നിന്നും കൊണ്ടുവന്ന് ഒന്നിനുമീതെ ഒന്നായി സ്ഥാപിച്ചാണ് ഏകദേശം 4500 വർഷങ്ങൾക്ക് മുൻപ് ഇതു നിർമ്മിച്ചത് എന്നുകൂടി കേട്ടപ്പോൾ ഒരു നിമിഷം സ്തംഭിച്ചു നിന്നുപോയി! ഈജിപ്ഷ്യൻ ഭരണാധിപൻമാരായിരുന്ന ഫറവോൻന്മാരുടെ രാജകീയതയുടെ സ്മാരകവും പുരാതനകാലത്തും ആധുനീകയുഗത്തിലും ഈജിപ്ഷ്യൻ ദേശിയതയുടെ ചിഹ്നവുമായ ''ഗ്രേയ്റ്റ് സ്പിനിക്സ്'' ആണ് പിരമിഡുകളുടെ പശ്ചാത്തലത്തിൽ പിന്നീട് ഞങ്ങൾ കണ്ടത്. രാജാവായ ഫറവോയുടെ ശിരസ്സും ഒരു സിംഹത്തിൻെറ ഉടലും ഉൾക്കൊള്ളുന്ന ഈ ശിലാശില്പം മനുഷ്യൻ ഇതുവരെ വ്യത്താകൃതിയിൽ നിർമ്മിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായി പരിഗണിക്കപ്പെടുന്നു. സിംഹതുല്യം ശക്തനായിരുന്ന 'കാഫ്രേ' എന്ന ഫറവോ യുടെ ഓർമ്മയ്ക്കായി നിർമ്മിക്കപ്പെട്ടതാണ് സ്പിനിക്സ് എന്നാണ് പാരമ്പര്യം.



തുടർന്ന് ''ഹാങിങ് ചർച്ചി''നെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്നതിനിടയിൽ ഒരു ഈജിപ്ഷ്യൻ സുഗന്ധ ദ്രവ്യകടയിൽ കയറി മാസ്മരിക

സുഗന്ധമുള്ള ഏതാനും പെർഫ്യൂസ് വാങ്ങിക്കുവാനും സാധിച്ചു. ബസ്ലിക്കൻ ശൈലിയിൽ പണികഴിപ്പിച്ചിരിക്കുന്ന ഈ ദൈവാലയം ഒരു ടവറിൽ മേലാണത്രേ സ്ഥിതി ചെയ്യുന്നത്. നിർമ്മാണ ശൈലി എന്നതിനേക്കാൾ ആ ദൈവാലയത്തിൻെറ ബൈബിൾ പശ്ചാത്തലമാണ് പ്രധാനം. യേശുവിൻെറ ജനനശേഷം ഹേറോദേസ് രാജാവ് ശിശുക്കളെ വധിക്കുന്നു എന്ന് സ്വപ്നത്തിൽ ദർശനം കിട്ടിയശേഷം മാതാവും യൗസേപ്പിതാവും ഉണ്ണിയേശുവിനെയും കൊണ്ട് ഈജിപ്തിൽ വന്ന് ഒളിച്ചു താമസിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നത് ഇവിടെയാണ്. ദൈവാലയത്തിനുള്ളിലെ സ്പടികപ്രതലത്തിൽ കൂടി നോക്കുമ്പോൾ പുരാതനമായ ഒരു മുറിയും ഒരു കിണറും ദൃശ്യമാണ്. അവിടെയാണത്രേ തിരുകുടുംബം രഹസ്യമായി താമസിച്ചത്! തിരുകുടുംബം അനുഭവിക്കേണ്ടിവന്ന ത്യാഗങ്ങളെക്കുറിച്ചുള്ള സ്മരണ ഞങ്ങളിൽ കുറച്ചുപേരുടെയെങ്കിലും കണ്ണുകളെ ഈറനണിയിച്ചു. അവിടെ ഭക്തി സാന്ദ്രമായ ഒരു ജപമാലയർപ്പണത്തിനുശേഷം ഹോട്ടലിൽ തിരികെയെത്തി വിശ്രമിച്ചു. ഗ്രൂപ്പിൽ താത്പര്യമുള്ളവർ ചേർന്ന് വൈകുന്നേരം നൈൽ നദിയിൽ ബോട്ടുയാത്രയ്ക്കായി പോയി.

## B അലക്സാന്ദ്രിയ

14-ാം തിയ്യതി പ്രഭാത ഭക്ഷണത്തിനുശേഷം ഈജിപ്തിലെ രണ്ടാമത്തെ വലിയ നഗരവും, ഏറ്റവും വലിയ തുറമുഖവുമായ അലക്സാന്ദ്രിയായിലേക്ക് യാത്രയായി. ഭാരതത്തിൻെറ അപ്പസ്തോലനായ തോമശ്ലാഹായെപ്പോലെ ഈജിപ്തിൻെറ അപ്പസ്തോലനായ വി. മർക്കോസ് ശ്ലീഹാ സുവിശേഷപ്രഘോഷണം നടത്തിയത് അവിടെയാണ്. ഈജിപ്ത് ജന്മം കൊടുത്ത വിശുദ്ധരിൽ അഗ്രഗണ്യനായ വി. കാതറിൻെറ നാമത്തിലുള്ള ദൈവാലയത്തിലേക്കാണ് ആദ്യം പോയത്. ഭക്തിയുടെ അന്തരീക്ഷം കുടികൊള്ളുന്ന ആ ദൈവാലയത്തിൽ വി. ബലിയർപ്പിക്കുവാൻ സാധിച്ചത് വലിയ ഭാഗ്യമായി. ദൈവാലയത്തിനുള്ളിൽ തന്നെയാണ് വി. സബീനയുടെ പൂജ്യശരീരം സൂക്ഷിച്ചിട്ടുള്ളത്. കബറിടത്തിങ്കൽ പ്രാർത്ഥിച്ച് ദൈവാലയത്തിലെ അച്ചനുമായി കുശലാന്വേഷണത്തിനുശേഷം മെഡിറ്ററേറിയൻ കടൽത്തീരത്തുകൂടി യാത്ര തുടർന്നു... ഇടതുവശത്ത് കടലിൻെറ നീലിമയും സൂര്യൻെറ പ്രകാശവും ഒരുമിക്കുന്നു. വലതുവശത്ത് അനന്തമായി നീണ്ടുകിടക്കുന്നകെട്ടിട സമുച്ചയങ്ങൾ... സ്വപ്നതുല്യമാണ് ആ പ്രദേശത്തിൻെറ മനോഹാരിത.. സ്വപ്നതീരത്തുകൂടി കിലോമീറ്ററുകൾ യാത്ര ചെയ്ത് ഫെറോക്ക് രാജാവിൻെറ വേനൽക്കാല വസതിയിൽ എത്തി. 13 ഏക്കർ വിസ്തൃതിയുള്ള ആ സ്ഥലമത്രയും രാജാവ് ഭരണകാലത്ത് വിദേശത്തു നിന്നും മണ്ണും ചെടികളും, വൃക്ഷതൈകളും എത്തിച്ച് സുന്ദരമാക്കിയതാണ്.. ആ മനുഷ്യ നിർമ്മിത പറുദീസായിലൂടെ യാത്രചെയ്ത് എത്തിചേരുന്നത് സെ്റ്റഫാനോ ബീച്ചിൽ... അവിടെനിന്നും തിരികെ കെയ്റോയിലേക്ക് യാത്ര ചെയ്യുമ്പോൾ റോമൻ ആംഫിതിയറ്ററിൻെറ ഒരു ദൂരവീക്ഷണവും ലഭിച്ചു. രാത്രിയോടെ ഹോട്ടലിൽ എത്തിചേർന്നു.

## C സീനായ്

15-ാം തിയ്യതി പ്രഭാതത്തിൽ കെയ്റോ നഗരത്തോട് വിടപറഞ്ഞ് സീനായിലേക്ക് യാത്രയായി... മണിക്കൂറുകളുടെ യാത്രയുണ്ട് ലക്ഷ്യസ്ഥാനത്തേക്ക്... ഇരുവശവും മണലാരണ്യങ്ങളും പിന്നെ വൃക്ഷങ്ങളോ സസ്യങ്ങളോന്നും വളരാത്ത കുന്നുകളും.. മരുഭൂമിയിലെ ഏകാന്തതയിലുള്ള ഇസ്രായേൽ ജനത്തിൻെറ യാത്രയെക്കുറിച്ചുള്ള സ്മരണകളും മനസ്സിലോടിയെത്തി. ഇതിനിടയിലെ ആകാംക്ഷഭരിതമായ അനുഭവമായിരുന്നു സൂയസ് കനാലിൽ വെള്ളത്തിനടിയിൽ കൂടിയുള്ള ടണലിലൂടെയുള്ള യാത്ര... ടണൽ കടന്നപ്പോൾ ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നിന്നും ഏഷ്യയിൽ എത്തി. ഉടനെതന്നെ വി. ഗ്രന്ഥപ്രാധാന്യമുള്ള ഒരു സ്ഥലത്തെത്തി.. ഷൂർ മരുഭൂമിയിലെ

മാറായിൽ.. അവിടെയാണ് ചെങ്കടൽ കടന്ന ഇസ്രായേൽജനം മരുഭൂമിയിൽ അലഞ്ഞതും ദൈവത്തിന്റെ കല്പനപ്രകാരം മോശ കമ്പ് ഒടിച്ചിട്ടപ്പോൾ കയ്പ്പ്രസമുള്ള വെള്ളം മധുരിക്കുന്നതായി മാറിയതും (പുറപ്പാട് 15:25). തുടർന്ന് യാത്ര ഹരാതാഭമല്ലെങ്കിലും ഇരുവശവും ഉയർന്നു നിൽക്കുന്ന നയനമനോഹരങ്ങളായ മലനിരകൾക്കിടയിലൂടെ യാത്ര ചെയ്ത് വൈകുന്നേരമായപ്പോഴേക്കും സെ. കാതറിൻ ഹോട്ടലിൽ എത്തിച്ചേർന്നു. വൈകുന്നേരം ഒന്നിച്ചുചേർന്ന് ജപമാലയർപ്പിച്ച് വിശ്രമിച്ചു.

16-ാം തീയതി പ്രഭാതത്തിൽ ഇസ്രായേൽ ജനതയുടെ മരുഭൂമിയാത്രയിലെ ഏറ്റവും പ്രാധാന്യമേറിയ ''പത്തു കല്പനകളുടെ മല''യുടെ താഴ്വാരത്തിലേക്കു യാത്ര ചെയ്തു. അവിടെയാണ് ലോകത്തിലെ ഏറ്റവും പുരാതനമായ ക്രിസ്തീയ സന്യാസ ആശ്രമം എന്നു വിശേഷിപ്പിക്കപ്പെടുന്ന സെ. കാതറിൻ മൊണാസ്ട്രി സ്ഥിതി ചെയ്യുന്നത്. റോമാ സാമ്രാജ്യത്തിൽ ആദ്യമായി ക്രിസ്തീയ വിശ്വാസം ആശ്ലേഷിച്ച കോൺസ്റ്റന്റയിൻ ഒന്നാമന്റെ അമ്മ ഹെലെന എ. ഡി. 325-ൽ ബൈബിൾ സംഭവങ്ങളുടെ ഉറവിടങ്ങൾ തേടിയുള്ള അന്വേഷണത്തിനിടയിൽ അവിടെ എത്തിയെന്നും അവിടെ താമസിച്ചിരുന്ന സന്യാസികളെ കണ്ടെത്തിയെന്നും, അവരുടെ സുരക്ഷക്കായി മതലുകളാൽ ചുറ്റപ്പെട്ട ഒരാശ്രമം സ്ഥാപിച്ചുവെന്നും ആണ് ചരിത്രം. ബൈബിൾ പശ്ചാത്തലത്തിൽ മൂന്നു പ്രാധ്യാന്യങ്ങളാണ് ആ സ്ഥലത്തിനുള്ളത്. ഒന്ന് - ദൈവം മോശയ്ക്ക് പത്തുകൽപ്പനകൾ നൽകിയ 'മൗണ്ട് ഓഫ് ടെൻ കമാൻഡ്മെൻസ് ' ഈ ആശ്രമത്തിന് പുറകിലായി ഉയർന്നു നിൽക്കുന്നു. രണ്ട് - ദൈവം കത്തുന്ന മുൾപ്പടർപ്പിലൂടെ തന്നെ തന്നെ വെളിപ്പെടുത്തിയ സ്ഥലവും, മൂന്ന് - മോശ തന്റെ ഭാര്യയായ സിപ്പോറായെ കണ്ടെത്തിയ കിണറും ആശ്രമ മതിൽ കെട്ടിനുള്ളിൽ സ്ഥിതി ചെയ്യുന്നു. അവിടെ നിന്നും യാത്ര തിരിച്ച് ഉച്ചതിരിഞ്ഞ് ഈജിപ്ത് - ഇസ്രായേൽ ബോഡറായ താബായിൽ എത്തി ചേർന്നു.

## II ഇസ്രായേൽ

സീനായിൽ നിന്ന് താബാബോഡർ വരെയും അവിടെ നിന്നും കുറച്ചു ദൂരംകൂടിയും ഞങ്ങൾ ചെങ്കടലിന്റെ തീരത്തുകൂടിയാണ് യാത്ര ചെയ്തത്. ബേത്ലെഹത്തെക്കുള്ള യാത്രക്കിടയിൽ ചാവുകടലിന്റെ സമീപത്തായി ശാപമേറ്റുവാങ്ങി ഉപ്പുതൂണായി മാറിയ ലോത്തിന്റെ ഭാര്യയെ പ്രതിനിധാനം ചെയ്യുന്ന ഉപ്പതൂണും (ഉല്പ്പത്തി 19:26) കാണാൻ സാധിച്ചു. നേരം ഇരുട്ടിയപ്പോഴേക്കും ദീപങ്ങളാൽ ജ്വലിച്ചു നിൽക്കുന്ന ജറുസലേം നഗരത്തിലൂടെ ബേദ്ലെഹത്ത് സാന്താ മരിയ ഹോട്ടലിൽ എത്തിച്ചേർന്നു.

### A ബദ്ലേഹം

പഴയനിയമത്തിലും പുതിയ നിയമത്തിലും ഏറെ പ്രാധാന്യമുള്ള പട്ടണമാണ് ബദ്ലേഹം. ദാവിദിന്റെ കുടുംബ പട്ടണമാണിത്, പിന്നെ കാലത്തിന്റെ പൂർണ്ണതയിൽ പ്രവചനങ്ങളുടെ പൂർത്തികരണമായി രക്ഷകൻ പിറന്നിടവും. ഇന്ന് പാലസ്തീൻകാരുടെ അധീനതയിലുള്ള ബദ്ലെഹത്ത് ആദ്യമായി കണ്ടത് തിരുപിറവി ദൈവാലയം (Church of Nativity) ആണ്. ഗ്രീക്ക് ഓർത്തഡോക്സ് സഭയും, റോമൻ കത്തോലിക്കാസഭയും, അർമേനിയൻ അപ്പസ്തോലിക് സഭയും ഒന്നുചേർന്ന് മേൽനോട്ടം വഹിക്കുന്ന ഈ ദൈവാലയത്തിനുള്ളിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലം ഈശോ പിറന്നു വീണ സ്ഥലമാണ്. മാർബിൾ നക്ഷത്രം ആലേഖനം ചെയ്തിരിക്കുന്ന ആ പുണ്യസ്ഥലത്ത് ഞങ്ങൾ മുട്ടുകുത്തി പ്രാർത്ഥിക്കുകയും ഞങ്ങളുടെ ഭക്തവസ്തുക്കൾ പ്രാർത്ഥനാപൂർവ്വം വയ്ക്കുകയും ചെയ്തു. ദൈവാലയത്തിൽ ഒന്നുചേർന്ന് ജപമാല അർപ്പിക്കുകയും ചെയ്തു.

ബദ്ലേഹത്ത് മാലാഖവൃന്ദം ആട്ടിടയൻന്മാർക്ക് പ്രത്യക്ഷപ്പെട്ട സ്ഥലത്തുള്ള(Shepherd's Field) ദൈവാലയത്തിനുള്ളിലും പ്രാർത്ഥിച്ചു. അതിനു സമീപത്തായി യേശുവിന്റെ കാലത്ത് ആട്ടിടയൻന്മാർ വസിച്ചിരുന്ന ഗുഹയും കാണാൻ ഭാഗ്യം ലഭിച്ചു.

ബെദ്ലേഹത്തു നുന്നും അധികം ദൂരത്തല്ലാതെ സ്ഥിതിചെയ്യുന്ന 'സന്ദർശനത്തിൻെറ പള്ളി' (Church of Visitation)യും സന്ദർശിച്ചു. ഇവിടെയാണ് ഗർഭിണിയായ മറിയം തൻെറ ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശി ക്കാനായി എത്തിചേർന്നത്. സ്നാപകയോ ഹന്നാൻെറ ജനനസ്ഥലവും ഏലീശ്വായുടെ കിണറും ഇവിടെ ദൃശ്യമാണ്.

**B ജറുസലേം**

അനേകം ചരിത്ര സംഭവങ്ങൾക്കും, ബൈബിൾ സംഭവങ്ങൾക്കും വേദിയായ നഗരമാണിത്. ചരിത്രവും, സംസ്ക്കാരവും, മിത്തുകളും, യാഥാർത്ഥ്യങ്ങളുമെല്ലാം ഇഴചേർന്നു കിടക്കു കയാണിവിടെ. ക്രിസ്ത്യാനികൾക്കും യഹൂദന്മാ ർക്കും ഏറ്റവും പ്രധാനപ്പെട്ട പുണ്യസ്ഥല മാണിത്, മുസ്ലിം മതവിശ്വാസികൾക്കാകട്ടെ മക്കയും മദീനയും കഴിഞ്ഞാൽ മൂന്നാമ ത്തെയും. ക്രിസ്ത്യാനികൾക്ക് യേശുനാഥൻെറ പീഡാസഹനവും, മരണവും ഉത്ഥാനവു മൊക്കെ നടന്നത് ഇവിടെയാണ്. യഹൂദൻമാർ ക്കാകട്ടെ തങ്ങളുടെ വിശ്വാസത്തിൻെറ കേന്ദ്ര മായ ജറുസലേം ദൈവാലയം നിലനിന്നി രുന്നത് ഇവിടെയാണ്. മുസ്ലിംങ്ങൾക്കാകട്ടെ പ്രവാചകനായ മുഹമ്മദ് സ്വർഗ്ഗത്തിലേക്ക് പോയത് ഇവിടെനിന്നാണ്. ദാവീദ് രാജാവും സോളമൻ രാജാവും അതീവ താത്പ്പര്യ ത്തോടെ സംരക്ഷിച്ച നഗരമാണിത്. ഏകദേശം ഒരുകിലോമീറ്റർ നീളവും വീതിയും വരുന്ന കോട്ടയാൽ ചുറ്റപ്പെട്ട ഈ നഗരത്തെ ക്രിസ്ത്യാനികളും, യഹൂദന്മാരും, മുസ്ലിംങ്ങളും, അർമ്മേനികളും പങ്കുവച്ചിരിക്കുകയാണ്. ഞങ്ങളുടെ ജറുസലേം സന്ദർശനം രണ്ടു മുഴുവൻ ദിനങ്ങൾ നീണ്ടു.

17-ാം തീയ്യതി ഒലിവു മലയുടെതാഴ്വാരത്തി ലുള്ള ഗദ്സെമൻ തോട്ടത്തിലേക്ക് യാത്രയായി. യേശുവും ശിഷ്യൻന്മാരും സ്തോത്രഗീതം പാടിയതും, യേശു ജറുസലേമിനെ നോക്കി വിലപിച്ചതും. യേശുവും ശിഷ്യൻന്മാരും പലപ്പോഴും വിശ്രമിക്കുവാൻ എത്തിയതും, യേശു ഒറ്റിക്കൊടുക്കപ്പെടുകയും രക്തം വിയർക്കുകയും ചെയ്ത ഗെദസെമൻ തോട്ടവും, യേശുവിൻെറ സ്വർഗ്ഗാരോഹണവുമൊക്കെ ഒലിവുമലയിൽ നിന്നായിരുന്നു. ഗദ്സെമൻ തോട്ടത്തിൽ യേശു പ്രാർത്ഥിക്കുവാൻ പോയപ്പോൾ ശിഷ്യന്മാർ മരച്ചുവട്ടിലിരുന്ന് ഉറങ്ങി വിശ്രമിച്ചുവെന്നു വിശ്വസിക്കപ്പെടുന്ന മുതുമുത്തശിയായ ഒരു ഒലിവുമരം അവിടെ കാണാം. ഈശോ രക്തം വിയർത്തു പ്രാർത്ഥിച്ച പാറയുടെ മുകളിലായി അതി മനോഹരമായ ഒരു ദൈവാലയം (Baslica of Agony) സ്ഥിതിചെയ്യുന്നു. ഏറെ വികാരഭരിതരായിട്ടാണ് ഞങ്ങൾ ആ പാറയെ തൊട്ടുവണങ്ങി പ്രാർത്ഥിച്ചത്.

അപ്രതീക്ഷിതമായി സുപരിചിതനായ ഫാ. സേവ്യർ കാനാട്ട് ഞങ്ങളെ അവിടെ സ്വാഗതം ചെയ്തത് അത്ഭുതവും ദൈവനിയോഗവു മായി.. അച്ചനോടൊപ്പം ഞങ്ങൾ യൂദാസ് ഈശോയെ ഒറ്റിക്കൊടുത്ത ഗ്രോട്ടോയുടെ സമീപത്തെത്തി. ഇന്ന് അതൊരു ചെറിയ ദൈവാലയമാണ്. കാനാട്ടച്ചൻെറ അനുവാദ ത്താലും പരശ്രമത്താലും ഞങ്ങൾക്കവിടെ ബലിയർപ്പിക്കുവാനും ഭാഗ്യം ലഭിച്ചു. യൂദാസ് യേശുവിൻെറ ശരീര രക്തങ്ങൾക്ക് വില പറഞ്ഞിടത്ത് ബലിയർപ്പണത്തിലൂടെ പാപ മോചകങ്ങളായ ശരീരരക്തങ്ങൾ സ്വീകരി ക്കാൻ ലഭിച്ച ഭാഗ്യം അവർണ്ണനീയം.

മാതാവിൻെറ സ്വർഗ്ഗാരോപണം നടന്ന കല്ലറയും ദൈവാലയവും സമീപത്തു തന്നെയാണ്. ഗുഹാ ദൈവാലയത്തിനുള്ളിൽ മാതാവിൻെറ കല്ലറയിൽ തൊട്ട് പ്രാർത്ഥിക്കു വാനും സാധിച്ചു. തുടർന്ന് ഞങ്ങൾ എത്തി ചേർന്നത് ഒലിവുമലയുടെ മുകൾഭാഗത്തായി സ്ഥിതിചെയ്യുന്ന ''സ്വർഗ്ഗസ്ഥനായപിതാവെ'' പള്ളി (Pater Noster Church)യിലാണ്. അവിടെവച്ചാണ് യേശുനാഥൻ സ്വർഗ്ഗസ്ഥ നായ പിതാവെ എന്ന പ്രാർത്ഥന ചൊല്ലുവാൻ ശിഷ്യരെ പഠിപ്പിച്ചത് എന്നാണ് വിശ്വാസം. പള്ളിയുടെ വരാന്തകളിലും മതിലുകളിലുമായി

മലയാളമുൾപ്പെടെ ലോകത്തെ മിക്ക ഭാഷകളിലും ഈ പ്രാർത്ഥന എഴുതിയിട്ടുണ്ട്. ലോകഭാഷകളിലുള്ള ''നാനത്വത്തിലെ ഏകത്വം'' സ്വർഗ്ഗസ്ഥനായ പിതാവെ എന്ന പ്രാർത്ഥനയിൽ അന്വർത്ഥമാകുകയാണിവിടെ. യേശു തൻെറ ജറുസലേമിലെ പരസ്യജീവിതകാലത്ത് ശിഷ്യരുമൊത്ത് വിശ്രമിച്ചിരുന്നു എന്നു വിശ്വസിക്കപ്പെടുന്ന ഒരു ഗുഹയും ഇവിടെ കാണാം.

തുടർന്ന് യാത്രയായത് സ്വർഗ്ഗാരോഹണത്തിൻെറ ചാപ്പലിലേക്കാണ്. യേശു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തപ്പോൾ നിന്നു എന്നു വിശ്വസിക്കപ്പെടുന്ന പാറയെചുറ്റിയാണ് ഈ ചാപ്പൽ നിലകൊള്ളുന്നത്. പാവനമായ ആ പാറയെ തൊട്ടു പ്രാർത്ഥിക്കുവാൻ ഞങ്ങൾക്കെല്ലാവർക്കും സാധിച്ചു.

ഒലിവുമലയിൽ നിന്നും ജറുസലേം നഗരത്തിൻെറ ഒരു ദൂരദർശനം സാധിതമായി. അബ്രഹാം ഇസഹാക്കിൻെര ബലിയർപ്പിക്കാനായി ഒരുങ്ങി എന്നു വിശ്വസിക്കപ്പെടുന്നിടത്ത് മുസ്‌ലിം മതവിശ്വാസികൾ പണിതുയർത്തിയ Dome of Rock ൻെറ സുവർണ്ണമകുടം വെയിലേറ്റു തിളങ്ങുന്നു. പുരാതന ജറുസലേം നഗരത്തിൻെറ മതിൽ നഗരത്തിന് അതിർത്തി തീർത്ത് നീണ്ടു കിടക്കുന്നു. എട്ടുകവാടങ്ങളാണ് ഈ മതിലിനുള്ളത്. അതിൽ ഏറ്റവും പവിത്രമായി കരുതുന്ന 'ഗോൾഡൻ ഗേറ്റ്' അവസാനനാളിൽ മിശിഹാവരുമ്പോൾ തുറക്കപ്പെടും എന്നതാണ് യഹൂദ വിശ്വാസം. മലയുടെ താഴ്‌വാരത്തിലായി വലിയ യൂഹൂദ സിമിത്തേരി കാണാം. ലോകത്തിൻെറ ഏതു ഭാഗത്തുള്ള യഹൂദന്മാരും ജീവിതത്തിൻെറ അവസാനകാലത്ത് ജറുസലേമിൽ എത്തി അവിട മരിച്ച് അടക്കപ്പെടാൻ ആഗ്രഹിക്കുന്നുവത്രേ.

തുടർന്ന് അടുത്തുതന്നെ സ്ഥിതി ചെയ്യുന്ന സീയോൻ മലയിലേക്കു യാത്രയായി. അവിടെയാണ് പത്രോസ് ഈശോയെ മൂന്നു പ്രാവശ്യം തള്ളിപറഞ്ഞതിനെ ഓർമ്മപ്പെടുത്തുന്ന ST. Peter in Galicuntu (Cocks Crow)എന്ന പേരിലുള്ള ദൈവാലയം. ദൈവാലയത്തിൻെറ കീഴിലായി ആഴത്തിലുള്ള കൽത്തുറങ്കുകാണാം. രണ്ടായിരം വർഷങ്ങൾക്ക്മുൻപ് പ്രധാന പുരോഹിതനായിരുന്ന കയ്യാപ്പായുടെ കൊട്ടാരമായിരുന്നു അവിടമെന്നാണ് പാരമ്പര്യം. യേശുവിൻെറ പീഢാസഹനങ്ങൾ ആരംഭിക്കുന്നതിനു മുമ്പായി ആഴത്തിലുള്ള ഈ കൽത്തുറങ്കിൻെറ വന്യതയിലേക്ക് യേശുനാഥനെ ഒരു ദിവസത്തേക്ക് അവർ ഇറക്കി എന്നും വിശ്വസിക്കപ്പെടുന്നു. പടികളിറങ്ങി ആ കൽത്തളത്തിലെത്തിയപ്പോൾ യഹൂദശിക്ഷാവിധികളുടെ ക്രൂരതയുടെ മുഖം കുറച്ചെങ്കിലും വ്യക്തമായി. അന്നത്തെ ദിവസം വൈകുന്നേരമായപ്പോൾ ഹോട്ടലിൽ തിരികെയെത്തി വിശ്രമിച്ചു.

18-ാം തീയ്യതി ഞങ്ങളുടെ യാത്രയിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസമായിരുന്നു എന്നു പറയാം. പ്രഭാത ഭക്ഷണത്തിനുശേഷം ജറുസലേം കോട്ടയും എട്ടു കവാടങ്ങളിലൊന്നായ സെ. സ്റ്റീഫൻസ് ഗെയിറ്റിലൂടെ ബെദ്സയ്ദാ കുളത്തിനടുത്ത് എത്തി. ഇവിടെ വച്ചാണ് യേശു അന്ധനെ സുഖപ്പെടുത്തിയത്. അല്പം കൂടി മുന്നോട്ടു നീങ്ങിയപ്പോൾ ഞങ്ങൾ ഈശോ കുരിശുമായി നടന്നു നീങ്ങിയ അതേ വഴിയിൽകൂടി ഞങ്ങളും കുരിശിൻെറ വഴിചൊല്ലി നടന്നു. എട്ടാമത്തെ സ്ഥലം കഴിഞ്ഞെത്തുന്നത് വലിയ ഒരു ഒരു ദൈവാലയത്തിലാണ്. ചർച്ച് ഓഫ്ദി ഹോളാ സെപ്പൽക്കർ (വിശുദ്ധ കബറിടത്തിൻെറ പള്ളി) എന്നറിയപ്പെടുന്ന ഈ പള്ളിക്കുള്ളിലാണ് ഈശോയെ തറച്ച കുരിശു നാട്ടിയ സ്ഥലം, ശരീരം കുരിശിൽ നിന്നിറക്കി തൈലാഭിഷേകം നടത്താനുപയോഗിച്ച കല്ല് സ്ഥിതിചെയ്യുന്ന സ്ഥലം, ഈശോയെ സംസ്ക്കരിച്ച കബറിടം എന്നിവ സ്ഥിതി ചെയ്യുന്നത്. ഈശോയുടെ രക്ഷാകര പ്രവൃത്തനങ്ങളുടെ കേന്ദ്രബിന്ദുക്കളായ മരണം, സംസ്ക്കാരം, ഉത്ഥാനം എന്നിവ നടന്ന വിശുദ്ധ സ്ഥലങ്ങൾ ഉൾക്കൊള്ളുന്നു എന്നതുകൊണ്ട് സഭാ വ്യത്യസമെന്യേ ഏതൊരു ക്രിസ്ത്യാനിയുടെയും വിശ്വാസ ജീവിതത്തിൽ ഏറ്റവും

പ്രാധ്യാന്യമർഹിക്കുന്ന സ്ഥലങ്ങളാണിവ. ഈശോയുടെ കുരിശ് ഉയർത്തി സ്ഥാപിക്കുവാനായി പാറയിൽ കുഴിച്ചുണ്ടാക്കിയ കുഴിയിൽ തൊട്ടു പ്രാർത്ഥിക്കുവാൻ എല്ലാവർക്കും സാധിച്ചു. ദൈവാലയത്തിനുള്ളിൽ ഗാഗുൽത്തായിലെ ആ ഉയർന്ന പാറയിൽ നിന്നും പടികളിറങ്ങി എത്തിചേരുന്നത് സംസ്ക്കാരത്തിന് മുൻപായി ഈശോയുടെ ശരീരം തൈലാഭിഷേകത്തിനായി ഇറക്കിവച്ച പാറയുടെ സമീപത്തേയ്ക്കാണ്. ആ വിശുദ്ധമായ പാറയിൽ കൈതൊട്ടും ചുംബിച്ചും പ്രാർത്ഥിക്കുവാൻ സാധിച്ചു. തുടർന്നാണ് ദൈവാനുഗ്രഹം എന്ന് മാത്രം വിശേഷിപ്പിക്കാവുന്ന ഒരു ഭാഗ്യം ഞങ്ങൾക്കായി ലഭിച്ചത്. മുൻകൂട്ടി മാസങ്ങൾക്കു മുമ്പ് ബുക്ക് ചെയ്താൽ മാത്രം ലഭിക്കുന്ന ഒരവസരം അപ്രതീക്ഷിതമായി ആവശ്യക്കാർ സമയത്ത് എത്താത്തതിനാൽ ഞങ്ങൾക്കു ലഭിച്ചു. മനുഷ്യപാപങ്ങളുടെ പരിഹാരമായി ഈശോ ബലിയർപ്പിച്ച അതേ സ്ഥലത്ത് ആ ബലിയുടെ പുനരവതരണമായവി. ബലി കബറിടത്തോടു ചേർന്നുള്ള ദൈവാലത്തിൽ അർപ്പിക്കുവാൻ സാധിച്ചു എന്നതിൻെറ സന്തോഷം പറഞ്ഞറിയിക്കാൻ സാധിക്കുന്നില്ല. തുടർന്ന് ഈശോയുടെ കബറിടത്തിനു മുൻപിൽ കണ്ട ക്യൂവിൽ ശാന്തരായി നിന്ന് വളരെ ചെറിയ ഒരു കവാടത്തിൽ കൂടി കുനിഞ്ഞ് അകത്ത് പ്രവേശിച്ച് ഈശോയുടെ മൃതദേഹം സംസ്ക്കരിച്ച കബറിടത്തിനുള്ളിൽ പ്രവേശിച്ച് പ്രാർത്ഥിച്ചു. ഏറെ വികാര ഭരിതരായാണ് ഏറ്റവും പുണ്യപ്പെട്ട ആ സ്ഥലങ്ങൾ നേരിൽ കണ്ടത്.

അവിടെ നിന്നും നടന്നു നീങ്ങി ജറുസലേം കോട്ടയ്ക്ക് പുറത്തിറങ്ങി സെഹിയോൻ മാളിക സ്ഥിതി ചെയ്യുന്ന സ്ഥലത്തെത്തി. അവിടെയാണല്ലോ ഈശോ ശിഷ്യരോടൊത്ത് അന്ത്യ അത്താഴം കഴിച്ചത്. യൂദൻമാർക്ക് ഏറെ പ്രധാന ഒരു സ്ഥലവും അവിടെയുണ്ട്. ദാവീദുരാജാവിൻെറ ശവകുടീരം. അവിടവും കണ്ടശേഷം ബസ്സിൽ കുറച്ച് യാത്രചെയ്ത് ഞങ്ങൾ സന്ദർശനത്തിൻെറ പള്ളിയിൽ (Church of Visitation) എത്തിചേർന്നു. മാതാവ് ഏലിശ്വ പുണ്യവതിയെ സന്ദർശിച്ച സ്ഥലമാണത്. സ്നാപകയോഹന്നാൻെറ വീട് ഉണ്ടായിരുന്നു എന്നു വിശ്വസിക്കപ്പെടുന്ന ആ സ്ഥലത്ത് ദൈവാലയത്തിനുള്ളിൽ ആ കുടുംബത്തിൻെറതായിരുന്നു എന്നു വിശ്വസിക്കപ്പെടുന്ന ഒരു പുരാതനമായ ഒരു കിണറുണ്ട് അവിടെ നിന്നും തിരികെ ഹോട്ടലിൽ എത്തി വിശ്രമിച്ചു.

## C ബഥനി, ജെറിക്കോ, ചാവുകടൽ

19-ാം തിയ്യതി ഞങ്ങൾ ജറുസലേമിൽ നിന്നും ജറിക്കോയെയും ചാവുകടലിനെയുംലക്ഷ്യമാക്കി യാത്ര ആരംഭിച്ചു. ലോകത്തിൽ പലയിടത്തും ലഭിക്കാത്ത ഒരു പ്രത്യേകത ഈ യാത്രയ്ക്കുണ്ടായിരുന്നു.. ഉയരങ്ങളിൽ നിന്നും താഴ്‌വാരങ്ങളിലേക്കുള്ള യാത്ര. സമുദ്രനിരപ്പിൽ നിന്നും 200-ൽപ്പരം മീറ്റർ താഴ്‌വാരത്തിൽ സ്ഥിതി ചെയ്യുന്ന ജറിക്കോയിലേയ്ക്ക്.. ഇന്ന് ലോകത്തിൽ മനുഷ്യവാസമുള്ള ലോകത്തിലെ ഏറ്റവും താഴ്ന്ന പ്രദേശമാണ് ചാവുകടലിൻെറ തീരങ്ങൾ....

ജറിക്കോയിലേക്കുള്ള യാത്രക്കിടയിൽ യേശു സ്നേഹിച്ചിരുന്ന ലാസർ, മർത്താ, മറിയം എന്നിവരുടെ പട്ടണമായ ബഥനിയിലെ ദൈവാലയത്തിൽ ബലിയർപ്പിച്ചു. ദൈവാലയത്തോടു ചേർന്നുതന്നെയാണ് ലാസറിനെ സംസ്ക്കരിച്ച കുടുംബ കല്ലറ. ഇടുങ്ങിയ ഗുഹക്കുള്ളിലൂടെ ശ്രദ്ധാപൂർവ്വം പടികളിറങ്ങി ലാസറിൻെറ ശരീരം സംസ്ക്കരിച്ച സ്ഥലത്തെത്തി തൊട്ടു പ്രാർത്ഥിച്ചു. ഈ ഗുഹയിൽ നിന്നുമാണല്ലോ ഈശോ ലാസറിനെ ഉയർപ്പിച്ചത്.

അവിടെ നിന്നും ജറിക്കോയിലേക്ക് യാത്ര ചെയ്തു. പതിനായിരം വർഷത്തെ പഴക്കമുള്ള നഗരമാണത്. പുരാതനകാലത്ത് മദ്ധ്യശിലായുഗം മുതൽ ഇവിടെ ജനവാസം ഉണ്ടായിരുന്നുവെന്നാണ് വിശ്വാസം. ജറിക്കോയിൽ ആദ്യമായി ഞങ്ങൾ എത്തചേർന്നത് യേശുവിനെ ക്കാണാനായി സക്കേവൂസ് കയറിയിരുന്നു എന്നു പരമ്പരാഗതമായി വിശ്വസിക്കുന്ന

പുരാതനമായ ഒരു സിക്കമൂർ മരത്തിന്റെ ചുവട്ടിലാണ്. തൊട്ടടുത്തുതന്നെയാണ് പ്രലോഭ നത്തിന്റെ മല (Mount of Temptation). ജറിക്കോ പട്ടണത്തിൽ നിന്നും അൽപം ദൂരത്തായി ഈശോയെ സാത്താൻ പരീക്ഷിക്കാനായി കൊണ്ടുപോയ ആ മലയുടെ ദർശനം സാധ്യമായി.

തുടർന്ന് ജറിക്കോ പട്ടണത്തിൽ ഷോപ്പിങ്ങിന് ശേഷം ചാവുകടലിന് സമീപത്തായി സ്ഥിതി ചെയ്യുന്ന കുമ്രാൻ ഗുഹകളുടെ സമീപത്തെത്തി. ഒരു കാലത്ത് യഹൂദ സമൂദായത്തിൽ താപസ ജീവിതം തിരഞ്ഞെടുത്ത 'എസിൻസ്' താമസിച്ചിരുന്നിടമാണത്. 1941 മുതലാണ് ഈ പ്രദേശം ലോക ശ്രദ്ധ ആകർഷിച്ചത്. ആടുകളെ മേച്ചിരുന്ന ആട്ടിടയ കുട്ടികൾ കല്ലെറിഞ്ഞു കളിക്കുന്നതിനിടയിൽ കല്ലുകൾ പതിച്ച് ഗുഹക്കുള്ളിൽ നിന്നും പ്രത്യേക സ്വരം കേൾക്കാനിടയായി. തുടർന്ന് കാരണം അന്വേഷിച്ച് എത്തിയപ്പോഴാണ് വലിയ ജാറുകളിൽ സൂക്ഷിച്ചിരുന്ന പഴയ നിയമ ഗ്രന്ഥങ്ങളുടെ ചുരുളുകൾ കണ്ടെത്തിയത്.

അവിടെനിന്നും ചാവുകടലിലേക്ക്.. ചാവുകടലിന്റെ ഏറ്റവും വലിയ പ്രത്യേകത അതിൽ ഇറങ്ങുന്നവർ മുങ്ങിപോകില്ല എന്നതാണ്. ജലത്തിന്റെ രാസഘടനയുടെ പ്രത്യേകതയാണ് ഇതിനുകാരണം. സാധാരണ കടൽ വെള്ളത്തിലുള്ളതിന്റെ അഞ്ചിരട്ടി ഉപ്പ് ഇതിലുണ്ട്. സമുദ്ര നിരപ്പിൽ നിന്നും 200-ൽ അധികം മീറ്റർ താഴെ സ്ഥിതിചെയ്യുന്ന ഈ കടലിൽ നിന്നും പുറംകടലിലേക്ക് തുറവി ഇല്ലാത്തതിനാൽ സമീപ പ്രദേശങ്ങളിൽ നിന്നുള്ള ലവണങ്ങളൊക്കെ നൂറ്റാണ്ടുകളായി ഇവിടെ വന്നടിയുകയാണ്. ജിപ്സം, മഗ്നീഷ്യം, പൊട്ടാസ്യം എന്നീ ലവണങ്ങൾ കൂടിയ രീതി യിൽ ഇതിലടങ്ങിയിരിക്കുന്നു. ഗ്രൂപ്പിൽ പലരും കടലിലിറങ്ങി ചെളിവാരിപൂശി കുളിച്ചു. ഈ സ്നാനം പല ത്വക്രോഗങ്ങളും മാറ്റുമത്രേ! വൈകുന്നേരമായപ്പോഴേക്കും ഞങ്ങൾ തിരികെ ബദ്‌ലേഹത്ത് ഹോട്ടലിൽ എത്തി ചേർന്നു.

## D ടെൽ അവീവ്, ഹൈഫാ, മൗണ്ട് കാർമ്മൽ, മൗണ്ട് താബോർ, നസ്രത്ത്, കാനാ

20-ാം തിയ്യതി പ്രഭാതത്തിൽ തിബേരിയാസിനെ ലക്ഷ്യമാക്കി യാത്ര ആരംഭിച്ചു. ഏറെ യാത്ര നിറഞ്ഞ ദിവസമായിരുന്നു അന്ന്. മെഡിറ്ററേനിയൽ സമുദ്രത്തീരത്ത് തലയുയർത്തി നിൽക്കുന്ന സൗധങ്ങളാൽ നിറഞ്ഞ ടെൽ അവീവ് പട്ടണത്തിന്റെ മനോഹാരിത ദർശിച്ചു. യഹൂദ നഗരാസൂത്രണത്തിന്റെ ചാരുത അനുഭവിച്ചറിയാൻ ഞങ്ങൾക്കവിടെക്കഴിഞ്ഞു. നൂറ്റാണ്ടുകളുടെ ചരിത്രം പറയുന്ന അതിപുരാതന തുറമുഖ നഗരങ്ങളിലൊന്നായ ജാഫാ പട്ടണം ടെൽ ആവീവിന്റെ ഒരറ്റത്താണ് സ്ഥിതി ചെയ്യുന്നത്. ഈസ്രായേൽ രൂപകരണശേഷം ടെൽ അവീവ് എന്ന പട്ടണം ഉണ്ടാകുന്നതിന് മുൻപ് ഇവിടെ ഉണ്ടായിരുന്നത് മുസ്‌ലിം ഭൂരിപക്ഷമുള്ള ജാഫാ എന്ന പട്ടണമാണ്. ജാഫാ പട്ടണത്തെ ബസ്സിലിരുന്ന് കാണൻ സാധിച്ചു.

യാത്ര തുടർന്ന് എത്തി ചേർന്നത് കർമ്മല മലയിൽ (Mount Carmel) ആണ്. ഏലിയ പ്രവാചകൻ പ്രാർത്ഥിക്കുവാനായി എത്തിയിരുന്ന ഒരു ഗുഹ ഉൾപ്പെടുന്ന'സമുദ്രതാരം ദൈവാലയം' (Stella Maris Church) ത്തിനുള്ളിൽ കയറി പ്രാർത്ഥിച്ചു. തുടർന്ന് മെഡിറ്ററേനിയൻ കടൽതീരത്ത് സ്ഥിതി ചെയ്യുന്നതും ഇസ്രയേലിലെ മൂന്നാമത്തെ വലിയ നഗരവുമായ ഹൈഫായുടെ കർമ്മല മലമുകളിൽ നിന്നുള്ള ദർശനം ഏറെ നയന മനോഹരമായിരുന്നു.

കുറച്ചുകൂടി യാത്ര ചെയ്ത് താബോർ മലയുടെ അടിവാരത്തിലെത്തി. ടാക്സിയിൽ മലമുകളിൽ ഈശോ രൂപാന്തരപ്പെട്ട സ്ഥലത്തു സ്ഥിതിചെയ്യുന്ന രൂപാന്തരീകരണത്തിന്റെ ബസ്‌ലിക്കായിൽ പ്രവേശിച്ച് പ്രാർത്ഥിച്ചു. ഈശോ തന്റെ ദൈവീക അസ്ഥിത്വം ശിഷ്യർക്കു വെളിപ്പെടുത്തിയ ആ മലമുകൾ വലിയ പ്രാർത്ഥനാന്തരീക്ഷമാണ് തീർത്ഥാടകർക്ക് സമ്മാനിക്കുന്നത്.

പിന്നീട് അവിടെ നിന്നും എത്തിചേർന്നത് ഈശോ പരസ്യജീവിതംവരെയുള്ള കാലം ചിലവഴിച്ച നസ്രത്തിലാണ്. അവിടെ ആദ്യം എത്തിചേർന്നത് കമാനാകൃതിയിൽ കല്ലു കൊണ്ടുണ്ടാക്കിയ ഒരു ഗ്രോട്ടോയുടെ കീഴെയാണ്. അവിടെ ഖനനത്തിലൂടെ തെളിഞ്ഞുവന്ന പുരാതന നഗരത്തിൻെറ അവശിഷ്ടങ്ങൾക്കിടയിലൂടെയുള്ള ഒരു നീരുറവകാണാം. മേരിയുടെ കിണർ (Mary's Well) എന്നാണ് അത് അറിയപ്പെടുക. അടുത്തു തന്നെയാണ് ഗബ്രിയേലിൻെറ പള്ളി. ഇവിടെ വച്ചാണ് ഗബ്രീയേൽ ദൂതൻ കന്യാകാ മറിയത്തിന് പ്രത്യക്ഷപ്പെട്ട് രക്ഷകൻെറ ജനന ത്തെക്കുറിച്ചുള്ള മംഗളവാർത്ത അറിയിച്ചത് എന്നാണ് ഓർത്തോഡോക്സ് പാരമ്പര്യം. നസ്രത്തിൽതന്നെയുള്ള മംഗളവാർത്തയുടെ ദേവാലയം (Baslica of Annuciation)ത്തിലേക്ക് തുടർന്ന് എത്തിചേർന്നു. ലോകത്തിലെ ഏറ്റവും വലിയ ബസ്ലിക്കകളിലൊന്നാണ് അത്. കന്യകമറിയത്തിൻെറ വീട് ഈ ദൈവാലയ സമുച്ചയം നിലിനിൽക്കുന്നി ടത്തായിരുന്നു എന്നതാണ് ക്രൈസ്തവ പാരമ്പര്യം. മുന്നു നിലകളാണ് ഈ വലിയ ദൈവാലയത്തിനുള്ളത്. താഴത്തെ നിലയിലൂടെ നടന്നെത്തുന്നത് വൃത്താകൃതി യിലുള്ള ഒരു പ്രാർത്ഥനാ സ്ഥലത്താണ്. അവിടെ ഒരു ഗുഹകാണാം. ഖനനത്തിലൂടെ കണ്ടെത്തിയ ആ ഗുഹാഭാഗം കന്യക മറിയത്തി ൻെറ ഭവനത്തിൻെറ ഭാഗമാണ് എന്നാണ് കത്തോലിക്കാ പാരമ്പര്യം. ഞങ്ങൾ ദൈവാല യത്തിൻെറ രണ്ടാമത്തെ നിലയിലേക്കു നീങ്ങി... വിശാലമായൊരു പ്രാർത്ഥനാലയ മാണത്. കന്യകമറിയത്തിൻെറ ജീവിതവുമായ ബന്ധപ്പെട്ട ചുവർ ചിത്രങ്ങളാണ് അവിടെ മുഴുവൻ നിറഞ്ഞു നിൽക്കുന്നത്. അടുത്തു തന്നെ ജോസഫിൻെറ മരപ്പണിശാല.. ഖനന ത്തിലൂടെ കണ്ടെത്തിയ മരപ്പണിശാലയുടെ ഭാഗങ്ങൾ സ്പടികത്തിലൂടെ ദർശനീയമാണ്.

ഈശോ തൻെറ ആദ്യ അത്ഭുതം പ്രവൃത്തിച്ച കാനായിലേക്കാണ് പിന്നീട് ഞങ്ങൾ പോയത്. ദൈവാലയത്തിൻെറ അകത്തളങ്ങളിൽ കണ്ടെത്തിയ പഴയ രീതിയിലുള്ള വീഞ്ഞു ഭരണികളും ഒരു ഭാഗത്ത് കണ്ടെത്തിയ പഴയ കാന നഗരത്തിൻെറ അവശിഷ്ടങ്ങളും കണ്ടപ്പോൾ മനസ് രണ്ടായിരം വർഷങ്ങൾക്ക് മുൻപുള്ള ഒരു സങ്കല്പലോകത്തേക്ക് പോയി. അന്നത്തെ അവസാന സ്ഥലമായിരുന്നു അത്. വൈകുന്നേരമായപ്പോൾ തിബേരിയാസിൽ ഹോട്ടലിൽ എത്തി വിശ്രമിച്ചു.

യാത്രക്കിടയിൽ ഇസ്രായേലിലെ പുണ്യ സ്ഥലങ്ങൾ കാണുന്നതോടൊപ്പം യൂദമുസ്ലിം ശത്രുതയെക്കുറിച്ച് അറിയുക വഴി അവിടുത്തെ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് നേരിട്ടറിയുക കൂടി ചെയ്തു. പാലസ്തീനായിലേക്ക് കുടിയേറിയെത്തി കൈയൂക്കും സാമ്രാജത്യ ഗൂഢനീക്കങ്ങളും കൊണ്ട് അവിടെ ഒരു രാഷ്ട്രം തന്നെ സ്ഥാപിച്ച ചരിത്രമാണ് ഇസ്രായേലിനും ജൂതന്മാർക്കും ഉള്ളത്. 19-ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ വളരെ ചെറിയ ഒരു ഗ്രാമത്തിൽ മാത്രം ഒതുങ്ങുന്ന യൂദൻമാർ മാത്രമാണ് പാലസ്തീനിൽ ഉണ്ടായിരുന്നത്. എന്നാൽ ബ്രിട്ടൻെറ സഹായത്തോടെ യൂറോപ്പിൻെറ പലഭാഗത്തു നിന്നും പതിനായിരക്കണക്കിന് യൂദൻന്മാർ ഇവിടെയ്ക്ക് വന്നു ചേർന്നു. പാലസ്തീനിൽ ഒരു യഹൂദ രാഷ്ട്രം സ്ഥാപി ക്കുന്നതിനാണ് ഈ കുടിയേറ്റം എന്ന് പാല സ്തീനികൾ മനസ്സിലാക്കിയപ്പോഴേക്കും വൈകിപോയിരുന്നു. ചുരുക്കത്തിൽ, ഒട്ടകത്തിന് കൂടാരത്തിൽ ഇടം നൽകിയ കച്ചവടക്കാരൻെറ അവസ്ഥയായി അവർക്ക്. യഹൂദൻമാർ പാലസ്തീനികളെ അവിടെ നിന്നും തുരത്തുന്ന കാഴ്ചയാണ് പിന്നീട് ലോകം കണ്ടത്.

### E തിബേരിയാസ്

ഗലീലി തടാകത്തിന് തീരത്തുള്ള പട്ടണമാണ് തിബേരിയാസ്. ഇത് എല്ലാ സൗകര്യങ്ങളുമുള്ള ആധുനിക നഗരമാണ്. മരുഭൂമിയിലെ നഗര മെങ്കിലും പാശ്ചാത്യ മട്ടിലുള്ള സൗകര്യങ്ങളാണ് നഗരത്തിലെങ്ങും. സഹസ്രാബ്ദങ്ങൾക്കു മുൻപുതന്നെ ജനം വസിച്ചിരുന്ന സ്ഥലമാണ്

തിബേരിയാസ്. പഴയനിയമത്തിൽ ജോഷ്വാ യുടെ കാലത്തു തന്നെ ഇവിടം ഒരു പട്ടണ മായിരുന്നു. നഫ്ത്താലി ഗോത്രങ്ങൾക്കായി പേർ തിരിച്ചു നൽകപ്പെട്ടിരുന്ന സ്ഥലമായിരന്നു അന്ന് ഇത്.

21-ാം തിയ്യതി യേശു തൻെറ പരസ്യജീവിത ത്തിൽ ഏറെ സമയം ചിലവഴിച്ച ഗലീലീക്കടലി ൻെറ തീരത്തുള്ള സ്ഥലങ്ങൾ കാണാനായി യാത്രയായി. ദൂരത്തു നിന്നും സൂര്യപ്രകാശ ത്തിൽ തിളങ്ങുന്ന ഗലീലിയുടെ ഓളങ്ങൾ നയന മനോഹരമാണ്. ഈശോയുടെ പ്രസിദ്ധമായ ഗിരിപ്രഭാഷണത്തിന് വേദിയായ ഗിരിപ്രഭാ ഷണ കുന്നി (Mount of Bealitude) ലേക്കാണ് ആദ്യം പോയത്. ആ മലയുടെ ഒരു ഭാഗത്തു നിന്നും ഗലിലിക്കടലിൻെറ മനോഹര ദൃശ്യ മുണ്ട്. വെളുപ്പും തവിട്ടും നിറമുള്ള കല്ലുകൾ കൊണ്ട് 1930-കളിൽ, ഇറ്റാലിയൻ ശില്പിയായ അൻറ്റോണിയോ ബഹൂച്ചിയുടെ നേതൃത്വത്തി ൽ പണികഴിച്ച ഒരു മനോഹര ദൈവാലയം അവിടെയുണ്ട്. ശാന്തമായ അന്തരീക്ഷവും സുഖകരമായ കാലാവസ്ഥയും കടലിൻെറ പശ്ചാതലവുമൊക്കെ ഈ മലമുകളിലെ ത്തുന്നവർക്ക് നവ്യമായ ഒരു അന്തരീക്ഷം പ്രദാനം ചെയ്യുന്നു. രണ്ടായിരം വർഷങ്ങൾക്കു മുൻപ് ഈശോയും ശിഷ്യൻമ്മാരും നടന്നിരിന്ന സ്ഥലങ്ങൾ, കാലത്തിൻെറ സാക്ഷിയായി ഗലീലിക്കടൽ.

ഗലീലിക്കടലിൻെറ വടക്കു പടിഞ്ഞാറൻ തീരത്തെ 'തഗ്ഗാ' എന്ന സ്ഥലത്തേക്കാണ് പിന്നീട് പോയത്. അവിടെയും ഒരു ദൈവാ ലയവും അനുബന്ധ മന്ദിരങ്ങളും ഉണ്ട്. ഇവിടെവച്ചാണ് യേശു അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരത്തിൻെറ വിശപ്പ് അകറ്റിയത്. ഫ്രാൻസീസ്ക്കൻ സന്യാസ സമൂഹത്തിൻെറ ഉടമസ്ഥതയിഴുള്ള ഈ ദൈവാലയത്തിൽ മനോഹരമായ മൊസായിക് ചിത്രപ്പണികൾ ഉണ്ട്. ദൈവാലയത്തിൻെറ വിശാലമായ മുറ്റത്ത് കല്ലുകൊണ്ടുള്ള ചക്കുകൾ കാണാം. യേശുവിൻെറ കാലത്ത് ഒലിവെണ്ണ ആട്ടാൻ ഉപയോഗിച്ചിരുന്ന ചക്കുകളാണ് ഇവ.

തഗ്ഗായിൽ തന്നെ മറ്റൊരു ദൈവാലയം കൂടിയുണ്ട്. ഈ ദൈവാലയം പത്രോസിൻെറ പ്രഥമസ്ഥാന വൈലയം (Peter's Primary) എന്നറിയപ്പെടുന്നു. യേശു തൻെറ പ്രഥമ സ്ഥാന ശിഷ്യനായി പത്രോസിനെ വാഴിക്കുന്ന തിൻെറ പ്രതീകാത്മക ശില്പം അവിടെ കാണാം. ഗലീലയുടെതീരത്ത് യേശു ഉത്ഥാന ശേഷം പ്രത്യക്ഷപ്പെട്ടുവെന്ന് കരുതപ്പെടുന്ന പാറ ഉൾക്കൊള്ളുന്ന ദൈവാലയത്തിൻെറ ഉള്ളിൽ ഞങ്ങൾക്ക് ബലിയർപ്പിക്കുവാൻ ഭാഗ്യം സിദ്ധിച്ചത് അപ്രതീക്ഷമായിട്ടായിരുന്നു.

യേശുവിന് തൻെറ പരസ്യജീവിതകാലത്ത് ഏറെ പ്രിയപ്പെട്ട ഗ്രാമമായിരുന്ന കഫർണ്ണാമി ലാണ് ഞങ്ങൾ പിന്നീട് എത്തിചേർന്നത്. ഈശോയുടെ കാലത്ത് ഗലീലിക്കടൽതീരത്തെ മുക്കുവ ഗ്രാമമായിരുന്നു കഫർണ്ണാം. ക്രിസ്തു വിൻെറ കാലത്ത് ജനം തിങ്ങി വസിച്ചിരുന്ന ഗ്രാമം എ. ഡി. 746-ൽ ഒരു ഭൂകമ്പത്തിൽ പാടെ തകർന്നുപോയി. പിന്നെ ഏറെ വർഷങ്ങൾക്കു ശേഷം കഫർണ്ണാം പഴയസ്ഥലത്ത് പുനർ നിർമ്മിച്ചു. തകർന്നടിഞ്ഞ കെട്ടിടാവശിഷ്ട ങ്ങൾ ഇവിടെ സജ്ജീവമായി നിലനിന്നിരുന്ന ഒരു സംസ്ക്കാരത്തിൻെറ ഓർമ്മകളുണർത്തി.

തുടർന്ന് ഗലീലിക്കടലിലൂടെ ബോട്ടിൽ ഒരു യാത്ര. ഗനേസർ എന്ന സ്ഥലത്തു നിന്നും ആണ് ബോട്ട് പുറപ്പെടുന്നത്. പഴഞ്ചൻ രീതിയിലുള്ള മരംകൊണ്ടു നിർമ്മിച്ച ബോട്ട് ബൈബിളിൽ പ്രതിപാദിക്കുന്ന യേശുവിൻെര കാലത്തെ പായ്കപ്പലിനെ അനുസ്മരിച്ചു. ബോട്ടിൽ ഒരു പ്രത്യേക ചടങ്ങ് ഉണ്ട്. ഏതു രാജ്യത്തുനിന്നുള്ള സംഘമാണോ ഇതിൽ സഞ്ചരിക്കുന്നത് അവരുടെ ദേശീയ പതാക കൊടിമരത്തിൽ ഉയർത്തും. നാട്ടിൽ നിന്നും ഏറെ അകലെ ഗലീലിയുടെ ഓളപ്പരപ്പിൽ ഇന്ത്യൻദേശീയതയുടെ ഗീതം ''ജനഗണമന..'' യിലുടെ മുഴങ്ങിയപ്പോഴും ചിന്തകൾ ഒരു നിമിഷം ഇന്ത്യയിലേക്ക് ഓടിയെത്തി. ബോട്ടുയാത്രയ്ക്കുശേഷം പത്രോസിൻെറ മത്സ്യം എന്നുപേരുള്ള പ്രത്യേക വിഭവം ഗ്രൂപ്പിൽ ചിലർ ആസ്വദിച്ചു.

യേശുവിന്റെ ജ്ഞാനസ്നാനം നടന്ന സ്ഥലത്തേക്കാണ് തുടർന്ന് യാത്രയായത്. സിറിയയിൽ ഉത്ഭവിച്ച് ഗലീലികടലിലൂടെ ഒഴുകി ചാവുകടലിൽ അവസാനിക്കുന്നതാണ് യോർദാൻ നദി. ചില ഭാഗങ്ങളിൽ നദി ഒരു കൈതോടിനോളമെയുള്ളു. മണലാരണ്യത്തിനിടയിൽ പ്രകൃതിയെ ഹരിതാഭമാകുന്ന പുണ്യവാഹിനിയാണ് ജോർദ്ദാൻ നദി. ജോർദാൻ കടവിലേക്കുള്ള പ്രവേശന കവാടത്തിൽ ഈശോയുടെ ജ്ഞാനസ്നാനവുമായി ബന്ധപ്പെട്ട ബൈബിൾഭാഗം വിവിധ ഭാഷകളിൽ എഴുതിവച്ചിട്ടുണ്ട്. ഗ്രൂപ്പിൽ ചിലർ ഈശോയുടെ സ്നാനംകൊണ്ട് പുണ്യവാഹിനിയായിത്തീർന്ന യോർദ്ദാനിൽ സ്നാം ചെയ്തു. എല്ലാവരും കുപ്പിയിൽ ജനം ശേഖരിച്ചു.

## III ജോർദ്ദാൻ

### A നെബാ മല -മദബാ - അമ്മൻ

22-ാം തിയ്യതി തിബേരിയസിൽ നിന്നുമുള്ള ഞങ്ങളുടെ യാത്ര മുംബൈയിലേക്കുള്ള മടക്കയാത്രയുടെ ആരംഭമായിരുന്നു. ജോർദ്ദാൻ ചെക്പോസ്റ്റിൽ ചെക് ഇൻ കഴിഞ്ഞ് ബസിൽ നെബോ മലയിൽ എത്തിചേർന്നു. ഈ മലയുടെ മുകളിൽ നിന്നുമാണ് മോശ കാനാൻ ദേശത്തെ നോക്കി കണ്ടത്. തുടർന്ന് 7 മലകളിലായി നിറഞ്ഞു നിൽക്കുന്ന അമ്മൻ നഗരകാഴ്ചയും കഴിഞ്ഞ് ഏകദേശം 6 മണിയോടെ അമ്മൻ അന്തർദേശീയ വിമാനത്താവളത്തിലെത്തി. ഇന്ത്യൻ സമയം രാത്രി 12.00 മണിക്ക് ഇന്ത്യയിലേക്ക് മടക്കയാത്ര ആരംഭിച്ചു. പ്രഭാതത്തിൽ 4.30ന് മുംബൈ വിമാനത്താവളത്തിൽ എത്തിച്ചേരുമ്പോൾ പലർക്കും ഏറെക്കാലം മനസ്സിൽ താലോലിച്ച ഒരു നാടിന്റെ സന്ദർശനം സമ്മാനിച്ച അനുഭവങ്ങളെക്കുറിച്ചുള്ള സ്മരണകളായിരുന്നു. മനസ്സുനിറയെയും. ഒപ്പം പ്രിതസന്ധികളൊന്നുമില്ലാതെ, ആധികളിലും വ്യാധികളിൽ നിന്നും ഞങ്ങളെ സംരക്ഷിച്ച ഈശോ നാഥനോടുള്ള നന്ദിയും...

## YOUTH REPORT (DEC. - MARCH)

December : The youth members organised the Crib making competition and the Christmas Tree were put in, when the gifts were distributed by the youth members themselves.

January : Some youth members actually participated in the events of the St. Sebastian's feast as to make it a grand success.

March : On the 1st of March, the election of the youth were held. The executive members that were elected are as follows:-

